# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2068. 18.06.2013 ൽ മറുപടിയ്ക്ക്.

<u>സ്കൂൾ ബസ്സുകളിൽ സ്പീഡ് ഗവേണർ</u>

| ചോദ്യം<br>ശ്രീ. ബെന്നി ബെഹനാൻ<br>,, അൻവർ സാദത്ത്<br>,, കെ. ശിവദാസൻ നായർ<br>,, ലൂഡിലൂയിസ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്തെ സ്കൂൾ ബസ്സുകൾക്ക് സ്പീഡ് ഗവേണർ നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. 30/01/2012 ലെ ജി.ഒ.(പി) നമ്പർ 03/12/ട്രാൻ (SRO No.76/2012) എന്ന വിജ്ഞാപനത്തിലൂടെ മുച്ചക്ര വാഹനങ്ങൾ ഒഴികെ, സ്കൂൾ കുട്ടികളെ കൊണ്ടു പോകുന്ന എല്ലാ വാഹനങ്ങൾക്കും സ്പീഡ് ഗവേണർ നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാനത്ത് സ്കൂൾ കുട്ടികളെയും വഹിച്ചുകൊണ്ടു പോകുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് വാഹനങ്ങളുടെ അമിത വേഗതയാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് വേണ്ടിയാണ് സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ സ്പീഡ് ഗവേണർ നിർബന്ധമാക്കിയത്. |
| (സി) ഇവ പാലിക്കുന്നുണ്ടോ എന്ന് അറിയാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) | വാഹനങ്ങൾ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് സ്പീഡ് ഗവേണർ ഘടിപ്പിച്ചിട്ടുണ്ടോ എന്നുള്ള കാര്യം ഉറപ്പുവരുത്തി മാത്രമേ രജിസ്ട്രേഷൻ അനുവദിച്ചു നൽകാറുള്ളൂ. മാത്രമല്ല, വാഹനം വാർഷികമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന് ഹാജരാക്കുമ്പോൾ സ്പീഡ് ഗവേണർ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ പതിവ് വാഹന പരിശോധന സമയത്ത് സ്പീഡ് ഗവേണർ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താറുണ്ട്. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സ്കൂൾ ബസ്സുകളിൽ സ്പീഡ് ഗവേണർ ഘടിപ്പിക്കുന്നതിന് സ്വകാര്യ ഏജൻസികളെയൊന്നും ഏല്പിച്ചിട്ടില്ല. എന്നാൽ വാഹനയുടമകൾ ഉൾപ്പെടെയുള്ളവർ നിർദ്ദേശം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനായി പോലീസും മോട്ടോർ വാഹന വകുപ്പും പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ.